ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in

ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/20909/2024-GEA3 തീയതി: 01-07-2024

## നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - തദ്ദേശ സ്വയംഭരണ വകുപ്പ് -മുൻ മുനിസിപ്പൽ കോമൺ സർവീസിലെ ക്ലർക്ക് ശ്രീ.പ്രദീപ്.എൻ-നെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്

സൂചന:

1. തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 06.02.2 LSGD/JD/MPM/5485/2023-A3 കത്ത്.
2. നഗരകാര്യ ഡയറക്ടറുടെ 12.02.2013 - ലെ E7.1219/2011(16) നമ്പർ ഉത്തരവ്.
3. നഗരകാര്യ ഡയറക്ടറുടെ 05.10.2017 - ലെ E3.2439/17(3) നമ്പർ ഉത്തരവ്.
4. നഗരകാര്യ ഡയറക്ടറുടെ 12.11.2021 - ലെ E3.15023/19 നമ്പർ ഉത്തരവ്.
5. നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 23.06.2022 - ലെ DUA/4400/ 2022-E7 ഉത്തരവ്.

ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൻറെ ഭാഗമായ മുൻ മുൻസിപ്പൽ കോമൺ സർവീസിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനം മുഖേന സൂചന (2) പ്രകാരം നിയമനം ലഭിച്ച ശ്രീ.പ്രദീപ്.എൻ-ന് സൂചന (3) പ്രകാരം 3 വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. എന്നാൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയില്ല എന്ന കാരണത്താൽ ടിയാനെ സൂചന (4) പ്രകാരം ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തിരുന്നു.

സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ച ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള അപേക്ഷ സൂചന (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ശ്രീ.പ്രദീപ്.എൻ സൂചന (4) പ്രകാരം ക്ലർക്ക് തസ്തികയിലേക്ക് റിവർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ടിയാളെ ക്ലർക്ക് തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ ആദ്യ നിയമന ഉത്തരവ് തീയതിയായ 12.02.2013 തീയതി അടിസ്ഥാനമാക്കി ഉൾപ്പെടുത്തേണ്ടതായുണ്ട്. ആയതിനാൽ ശ്രീ.പ്രദീപ്.എൻ-നെ സൂചന (5) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ക്രമനം.226 ശ്രീ. പ്രവീൺ.എം-നും ക്രമനം.227 ശ്രീ.ബെൻസി വർഗ്ഗീസ്സിനും-യ്ക്കും മദ്ധ്യേ ക്രമ നം.226A ആയി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താത്കാലിക തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ള ജീവനക്കാർ ഈ നോട്ടീസ് തീയതി മുതൽ 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിത മാർഗ്ഗേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ആക്ഷേപങ്ങൾ ലഭിക്കാത്ത പക്ഷം മറ്റൊരു

അറിയിപ്പ് കൂടാതെ പ്രസ്തുത താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Suresh Kumar S
SENIOR ADMINISTRATIVE OFFICER
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്

1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. ശ്രീ. പ്രദീപ് എൻ., ക്ലർക്ക്, പെരിന്തൽമണ്ണ നഗരസഭ (മലപ്പുറം ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE സെക്ഷൻ
4. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

Signed by
Suresh Kumar S
Date: 01-07-2024 12:32:38